നിയമനം

*വ്യ ര ം. (വ്യൻ) ശ്രീ. ടി. എസ്സ് ബന്ധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹൈസ്കൂളുകളിൽ ഭാഷാദ്ധ്യാപകന്മാരെ നിയമിക്കുവാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം നല്കിയിട്ടുണ്ടോ;

(ബി) കുന്നംകുളം ഗേൾസ് ഹൈസ്കൂളിൽ അടുത്ത അവസരത്തിൽ ഒരു വനിതയെ ഹിന്ദി അദ്ധ്യാപികയായി നിയമിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ ആ നിയമനം നടത്തിയത് വിദ്യാഭ്യാസ മേലദ്ധ്യക്ഷനോ സർവ്വീസ് കമ്മീഷനോ;

(സി) നിയമിക്കപ്പെട്ട ആളുടെ പരീക്ഷായോഗ്യത എന്തെല്ലാമാണ്;

(ഡി) കൂടുതൽ പരീക്ഷായോഗ്യതയുള്ള വനിത ആ ജോലിക്ക് അപേക്ഷകയായിരുന്നില്ലേ;

(എഫ്) എന്താണ് കുറഞ്ഞ പരീക്ഷായോഗ്യതയുള്ളവരെ നിയമിക്കുവാൻ കാരണം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവുകൊണ്ടു് പാർട്ടടയിം അദ്ധ്യാപകന്മാരായി തല്ക്കാലത്തേക്ക് ഹിന്ദിഭാഷാദ്ധ്യാപകരെ നിയമിക്കുവാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം നല്കിയിട്ടുണ്ടു്.

(ബി) കുന്നംകുളം ഗേൾസ് ഹൈസ്കൂളിൽ നിയമിച്ചിട്ടുണ്ടു്.

(സി) വിദ്യാഭ്യാസ മേലദ്ധ്യക്ഷനാണു് നടത്തിയതു്.

(ഡി) നിയമിക്കപ്പെട്ട ആൾ (മിസ്സു് മേരി പി. ഈപ്പൻ) കൊച്ചിൻ എസ്. എസ്. എൽ. സി. പരീക്ഷ പാസാകുകയും ഹിന്ദി പ്രവേശിക പരീക്ഷക്കിരിക്കുകയും ചെയ്തിട്ടു്.

(ഇ) നിയമനം നടത്തിയ അവസരത്തിൽ കൂടുതൽ പരീക്ഷായോഗ്യതയുള്ള വേറെ ഒരു വനിതയുടേയും അപേക്ഷ കിട്ടിയിരുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർ

*൭ ര ക. (൯ക) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ഷിഫ്റ്റു് സിസ്റ്റംമൂലം പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരിൽ ഇനി എത്ര പേർക്കു് ജോലി കൊടുക്കാനുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഷിഫ്റ്റു് സിസ്റ്റവും നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസവും നടപ്പിൽ വരുത്തിയതുമൂലം ജോലി ഇല്ലാതായിത്തീർന്ന അദ്ധ്യാപകരിൽ ൨൨൨ പേർക്കു് ഇനിയും ജോലി കൊടുക്കാനുണ്ടു്. ഷിഫ്റ്റു് സിസ്റ്റത്തിന്റെ മാത്രം പ്രത്യേകിച്ചു കണക്കു തയ്യാറായിട്ടില്ല.

ഗ്രാന്റു്

*വ്യ ര൨. (൯൨) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

ഫ ഫ ന–ലും ഫ ഫ ര–ലും ആരംഭിച്ച പ്രൈവറ്റ് പ്രൈമറി സ്കൂളുകളിൽ ഇനി എത്ര സ്കൂളുകൾക്ക് ഗ്രാൻറ് അനുവദിക്കാതെയുണ്ട്?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): കൊച്ചി വിഭാഗത്തിൽ ഫ ഫ ന–ൽ ആരംഭിച്ചിട്ടുള്ളതായ സ്കൂളുകൾക്ക് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. ഫ ഫ ര–ലും അതിനുശേഷവും തുടങ്ങിയിട്ടുള്ള സ്കൂളുകൾക്ക് ഗ്രാൻറ് അനുവദിച്ചിട്ടില്ല.

തിരുവിതാംകൂർ വിഭാഗത്തിൽ ഫ ഫ ഒ—ഫ ഫ ന വരെ അംഗീകരണം കിട്ടിയിട്ടുള്ള പ്രൈമറി ക്ലാസുകളിൽ തിരുവനന്തപുരം ഡിവിഷനിലുള്ള വയൊഴികെ ബാക്കി എല്ലാ ക്ലാസുകൾക്കും എയിഡ് കൊടുത്തിട്ടുണ്ട്. (സ്കൂളുകളുടെ എണ്ണം എത്രയെന്നുള്ള വിവരം ശേഖരിച്ചു വരികയാണ്.)

Questions posted for answer on 27—2—1951

പെരുങ്കടവിള—കന്നത്തുകാൽ റോഡ്

*വ ര ന. (൭) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹു. മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഫ ഫ ഫ ൦–ാമാണ്ടത്തെ മലേറിയാകാലത്തു് റിലീഫ് റോഡായി വെട്ടിയിട്ടുള്ള നെയ്യാറ്റിങ്കര താലൂക്കിൽ പെരുങ്കടവിള കന്നത്തുകാൽ റോഡിന്റെ അനാഥാവസ്ഥയെപ്പറ്റി ഗവൺമെണ്ടു ശ്രദ്ധിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഒടുവിലത്തെ രണ്ടു ഫർലാങ്ങു് കുറെ മോശമാണെന്നു് ശ്രദ്ധയിൽപെട്ടിട്ടുണ്ടു്. അതു ഉടനെ നന്നാക്കാൻ ഏർപ്പാടു ചെയ്തുകഴിഞ്ഞു. പ്രസ്തുത പണി ഇക്കൊല്ലംകൊണ്ടു തീരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

കന്നത്തുകാൽ ചാവടി റോഡ്

*വ ര ര. (൮) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരുങ്കടവിള—കന്നത്തുകാൽ ചാവടി റോഡിൽ അരുവിയോടു് എന്ന സ്ഥലത്തു് ഒരു ഡബിൾ ബെൻറ് കൾവർട്ടു് ഉണ്ടാക്കാൻ എസ്റ്റിമേറു് തയ്യാറാക്കി സമർപ്പിച്ചിട്ടു് എത്ര വർഷമായി;

(ബി) അതു് സാങ്ഷൻ ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഫ ന ര ഫ–ൽ ഒരു എസ്റ്റിമേറു തയ്യാറാക്കിയിരുന്നു. എന്നാൽ അതു് ഇപ്പോൾ Un-workable ആയതുകൊണ്ടു് പുതുക്കിയ എസ്റ്റിമേറു തയ്യാറായിവരുന്നു.

(ബി) ഇല്ല.

പഞ്ചായത്തു ഡിസ്പെൻസർ

*വ ര ൭. (ഫ ൭) സാഹിബു ബഹദൂർ എ. മുഹമ്മദുമസ്താൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചായത്തു ഡിസ്പെൻസർമാരുടെ ശമ്പളം അൻപതു രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം എത്രയെന്നു പ്രസ്താവിക്കുമോ;

(ബി) അവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ന വ.

*(ബി) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly